## ഖരമാലിന്യ സംസ്കരണ പ്ലാന്റ്

107 (3310) ശ്രീ. ആർ . സെൽവരാജ്:

ശ്രീ. എം. എ. വാഹീദ്:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ഉണ്ട്. നഗര മാലിന്യങ്ങൾ സംസ്കരിക്കുന്നതിലേക്കായി ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പി.പി.പി. അടിസ്ഥാനത്തിൽ എറണാകുളത്ത് ബ്രഹ്മപുരത്ത് മാതൃകാ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കുള്ള അന്തിമ ഘട്ടത്തിലാണ്. തെർമൽ ടെക്നോളജിയിൽ അധിഷ്ഠിതമായ സാങ്കേതിക വിദ്യ ഉൾപ്പെടുത്തി മാലിന്യം ദുർഗന്ധം വമിക്കാതെ സംസ്കരിക്കുകയും പ്രസ്തുത പ്രക്രിയയുടെ ഭാഗമായി വൈദ്യുതി ഉൽപാദിപ്പിക്കുകയും ചെയ്യാൻ ഇതുവഴി ലക്ഷ്യമിടുന്നു.

## സുസ്ഥിര നഗരവികസന പദ്ധതി

108 (3311) ശ്രീ. കെ. മുരളീധരൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ബെന്നി ബെഹനാൻ:

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര നഗരവികസന പദ്ധതികൾ നടപ്പാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്രപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്രവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ എന്നിവയ്ക്കാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ്-സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോംവാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യപശ്ചാത്തല വികസന പദ്ധതികൾ, ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ എന്നിവയാണ് സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കെ.എസ്.യു.ഡി.പി.-യിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് തലത്തിലും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് തലത്തിലും നഗരസഭാ തലത്തിലും പ്രോജക്ട് ഡയറക്ടർ തലത്തിലും ഗവൺമെന്റ് സെക്രട്ടറി തലത്തിലും തുടർച്ചയായ അവലോകന യോഗങ്ങൾ ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർനടപടികളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള എംപവേർഡ് കമ്മിറ്റി തലത്തിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കിവരുന്നു.

**ക്ലീൻ കേരളയുടെ പ്രവർത്തനങ്ങൾ**

109 (3312) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എത്ര രൂപയാണ് ഇതുവരെ ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly